മു ദ്രേ ക ൾ

# പ്രകൃതി പ്രതിഭാസങ്ങളുടെ ദൈവികയുക്തി

**യൂറോപ്പിലെ** വ്യോമ ഗതാഗതം സാധാരണ നിലയിലേക്ക് മടങ്ങിയെത്തുന്നതേയുള്ളൂ. ഐസ്‌ലന്റിൽ അഗ്നിപർവതം പൊട്ടിയതിനെ തുടർന്ന് യൂറോപ്പിന്റെ ഒട്ടുമിക്ക ഭാഗങ്ങളിലും പടർന്ന പുകപടലങ്ങളാണ് വിമാന ഗതാഗതം താറുമാറാക്കിയത്. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ, ഒരു ലക്ഷം വിമാന സർവീസുകളെങ്കിലും മുടങ്ങിയിട്ടുണ്ട്. ബില്യൻ കണക്കിന് ഡോളറാണ് വിമാനക്കമ്പനികൾക്ക് നഷ്ടം. വിമാനം പറക്കാത്തത് കാരണം ഉണ്ടാകുന്ന അനുബന്ധ നഷ്ടങ്ങൾ വേറെയും.


അഗ്നിപർവതങ്ങൾ പുറത്തുവിടുന്ന പുകപടലങ്ങളിൽ നേരിയ ഗ്ലാസ് ചീളുകൾ പോലുള്ള പദാർഥങ്ങൾ അടങ്ങിയിട്ടുണ്ടെന്നും അവ വിമാനത്തിന്റെ യന്ത്രങ്ങൾ കേടുവരുത്തുമെന്നും ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിയിരുന്നു. അതുകൂടി കണക്കിലെടുത്താണ് വിമാന സർവീസുകൾ റദ്ദ് ചെയ്തത്. എങ്കിൽ ഈ പുകപടലങ്ങൾ കലർന്ന വായു ശ്വസിച്ചവർക്കും ആരോഗ്യ പ്രശ്നങ്ങളുണ്ടാവില്ലേ? ഉണ്ടാകും എന്നു തന്നെയാണ് ശാസ്ത്രജ്ഞർ നൽകുന്ന മുന്നറിയിപ്പ്.



ഇങ്ങനെ നെഗറ്റീവായി മാത്രം നോക്കിക്കാണേണ്ട പ്രകൃതി പ്രതിഭാസമാണോ അഗ്നിപർവതങ്ങൾ? അല്ലെന്ന് ശാസ്ത്രജ്ഞന്മാർ തന്നെ പറയുന്നു. ഭൂമിയുടെ ആന്തര പാളികളിൽ രൂപപ്പെടുന്ന പല തരം സമ്മർദങ്ങളെ പുറത്തുവിടാനുള്ള വഴിയാണ് അഗ്നിപർവത സ്ഫോടനത്തിലൂടെ തുറന്ന് കിട്ടുന്നത്. "പ്രപഞ്ചത്തിലെയും ഭൂമിയിലെയും ഓരോ പ്രതിഭാസത്തിനും പ്രത്യക്ഷമോ പരോക്ഷമോ ആയ ചില പ്രയോജനങ്ങളുണ്ട്"– പ്രശസ്ത ഭൗമശാസ്ത്രജ്ഞനായ ഡോ. സഗ്‌ലൂൽ നജ്ജാർ പറയുന്നു. അഗ്നി പർവതങ്ങളിൽനിന്നുയരുന്ന നീരാവിയും പലതരം വാതകങ്ങളും ഖനിജങ്ങളുമെല്ലാം തന്നെ ഭൗമാന്തരീക്ഷത്തെയും ഭൗമോപരിതലത്തെയും പുതുക്കുകയും കുറവ് വന്നുകൊണ്ടിരിക്കുന്ന പല ഘടകങ്ങളുടെയും കമ്മി നികത്തുകയും ചെയ്യുന്നു.

ഇങ്ങനെ അഗ്നിപർവതമെന്ന പ്രതിഭാസത്തിന്റെ വിവിധ വശങ്ങൾ സ്പർശിക്കുന്ന വിജ്ഞാനപ്രദമായ ഒരു ലേഖനമുണ്ട് *അൽമുജ്തമഅ്* വാരികയിൽ (2010 മെയ് 7). ഡോ. അഹ്മദ് ഈസയാണ് എഴുതിയത്. ഐസ്‌ലന്റിൽ രണ്ട് അഗ്നിപർവതങ്ങൾ ഊഴം വെച്ചാണത്രെ പൊട്ടാറുള്ളത്. ഒന്നു പൊട്ടിയാൽ ഒരു വർഷത്തിനകം മറ്റേതും പൊട്ടും. അതിൽ ആദ്യത്തേതാണ് ഇപ്പോൾ പൊട്ടിയത്. ഇനി പൊട്ടാനുള്ളത് കറ്റ്ല (katla) എന്ന അഗ്നി പർവതമാണ്. ഇപ്പോൾ പൊട്ടിയ അഗ്നി പർവതത്തേക്കാൾ പത്ത് മടങ്ങ് വലുപ്പമുണ്ടത്രെ അതിന്. അതെങ്ങാനും പൊട്ടിയാൽ എന്താവും സ്ഥിതി? പ്രപഞ്ചഘടനക്ക് പിന്നിലുള്ള ദൈവിക ആസൂത്രണത്തെക്കുറിച്ച് ചിന്തിക്കാൻ ഇത്തരം പ്രതിഭാസങ്ങൾ കാരണമായിത്തീരട്ടെ എന്ന് ലേഖകൻ പ്രത്യാശിക്കുന്നു. ■

# ഇഖ്‌വാൻ വിജയകിരീടം ചൂടുമെന്ന് ഡാനിയേൽ



ഡാനിയൽ കുർത്സർ

**ഈജിപ്തിൽ** നടക്കുന്ന സംശുദ്ധമായ ഏതു തെരഞ്ഞെടുപ്പിലും ഇസ്‌ലാമിക പ്രസ്ഥാനമായ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ വിജയകരീടം ചൂടുമെന്ന് ഡാനിയൽ കുർത്സർ. ഈജിപ്ഷ്യൻ രാഷ്ട്രീയ അടിയൊഴുക്കുകൾ നന്നായറിയുന്നയാളാണ് ഡാനിയൽ. 1997 മുതൽ 2001 വരെ ഈജിപ്തിലെ അമേരിക്കൻ അംബാസഡറായിരുന്നു അദ്ദേഹം. 2001 മുതൽ 2005 വരെ ഇസ്രയേലിലെ അമേരിക്കൻ അംബാസഡറുമായിരുന്നു. ഇപ്പോൾ പ്രിൻസ്റ്റൺ യൂനിവേഴ്സിറ്റിയിൽ മധ്യ പൗരസ്ത്യ പഠന വിഭാഗത്തിൽ അധ്യാപകനാണ്.

അമേരിക്കയിലെ സ്റ്റാൻഫോർഡ് യൂനിവേഴ്സിറ്റിയിലെ വിദ്യാർഥികൾ പ്രസിദ്ധീകരിക്കുന്ന 'സ്റ്റാൻഫോർഡ് റിവ്യൂ' എന്ന മാഗസിന് നൽകിയ അഭിമുഖത്തിലാണ് ഡാനിയൽ ഇഖ്‌വാന്റെ വിജയ സാധ്യത പ്രവചിച്ചത്. ഇഖ്‌വാന്റെ കെട്ടുറപ്പുള്ള സംഘടനാ സംവിധാനം ഇതിൽ ഒരു മുഖ്യ ഘടകമാണ്. ഇഖ്‌വാൻ നേതാക്കൾക്കും അണികൾക്കും നേരെ ഭരണകൂടം നിരന്തരം അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന മാനസികവും ശാരീരികവുമായ പീഡനമുറകൾ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്തതെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ഏതു പ്രതിബന്ധങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് അത് പ്രസ്ഥാനത്തിന് നൽകി. ■

# അബ്ദുൽഹമീദ് രണ്ടാമന്റെ 'അപരാധം'

**മുപ്പത്തിനാലാമത്തെ** ഉസ്മാനി ഖലീഫ അബ്ദുൽ ഹമീദ് രണ്ടാമൻ സ്ഥാനഭ്രഷ്ടനാക്കപ്പെടാനും നാടുകടത്തപ്പെടാനും കാരണമെന്ത്? ഇതിനു പിന്നിൽ പാശ്ചാത്യ ഗൂഢാലോചനയുണ്ടെന്ന് സ്ഥാപിക്കുന്ന നിരവധി കൃതികൾ പുറത്തുവന്നിട്ടുണ്ട്. അക്കാര്യം സ്ഥിരീകരിക്കുന്ന അബ്ദുൽ ഹമീദ് രണ്ടാമന്റെ ഒരു കത്തും ഇപ്പോൾ വെളിച്ചം കണ്ടിരിക്കുന്നു. സിറിയക്കാരനായ മഹ്മൂദ് അബൂശാമാത്ത് എന്ന ശാദുലി ത്വരീഖത്തിന്റെ നേതാവ് ഉസ്മാനി ഖലീഫയുടെ ഗുരുവും കൂടിയായിരുന്നു. ഗുരുവിന് രഹസ്യമായി അയച്ച കത്തിലാണ് താൻ ഗ്രീക്ക് നഗരമായ സലോനിക്കയിലേക്ക് നാടുകടത്തപ്പെടാനുണ്ടായ കാരണങ്ങൾ അദ്ദേഹം വിശദീകരിച്ചത്.



അബൂശാമാത്തിന്റെ കുടുംബം ഇത്രയും കാലം ഈ കത്ത് രഹസ്യമാക്കി വെച്ചിരിക്കുകയായിരുന്നു. അടുത്തിടെയാണ് കത്ത് അവർ സിറിയൻ പ്രസിഡന്റ് ബശ്ശാറുൽ അസദിന് കൈമാറിയത്. തുർക്കി വാർത്താ വിതരണ ഏജൻസിയായ *ജൈഹാൻ* കത്തിന്റെ പകർപ്പ് പ്രസിദ്ധീകരിക്കുകയും ചെയ്തു. താൻ ഫലസ്ത്വീൻ ഭൂമി ജൂതന്മാർക്ക്, പ്രത്യേകിച്ച് ഫലസ്ത്വീനിൽ കുടിയേറിയ ജൂതന്മാർക്ക് വിൽക്കാൻ തയാറാവാതിരുന്നതാണ് തന്റെ പുറത്താകലിന് കാരണമെന്ന് കത്തിൽ പറയുന്നു. തന്നെ പുറത്താക്കി തുർക്കിയുടെ അധികാരം പിടിച്ചെടുത്തവരും ഈ ഗൂഢാലോനയിൽ പങ്കാളികളാണ്.

"സ്വന്തം ആദർശത്തോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയാണ് താങ്കൾ പ്രകടിപ്പിച്ചത്. ഇതിന് ദൈവം തമ്പുരാൻ താങ്കൾക്ക് തക്ക പ്രതിഫലം തരാതിരിക്കില്ല." മറുപടി കത്തിൽ ഗുരു തന്റെ ശിഷ്യനെ ആശ്വസിപ്പിച്ചു. സലോനിക്കയിൽ പ്രവാസിയായി കഴിയവെ ഒരു ദൂതൻ വഴി രഹസ്യമായാണ് അബ്ദുൽ ഹമീദ് കത്ത് തന്റെ ഗുരുവിന് കൈമാറിയത്. ■

# മുഹമ്മദ് ആബിദുൽ ജാബിരി

**അറിയപ്പെടുന്ന** മൊറോക്കൻ തത്ത്വചിന്തകനായിരുന്നു 2010 മെയ് 3–ന് അന്തരിച്ച മുഹമ്മദ് ആബിദുൽ ജാബിരി. 75 വയസ്സായിരുന്നു. മൊറോക്കോയുടെ പടിഞ്ഞാറ് ഭാഗത്തുള്ള ഫകീക് നഗരത്തിൽ 1935–ൽ ജനിച്ചു. തത്ത്വശാസ്ത്രത്തിലായിരുന്നു ഡോക്ടറേറ്റ്. അറബി–ഇസ്‌ലാമിക ചിന്തകളിൽ പ്രാവീണ്യം നേടി. റിബാത്വിലെ മുഹമ്മദ് ആറാമന്റെ പേരിലുള്ള സർവകലാശാലയിൽ അധ്യാപകനായി ചേർന്നു.



അറബി ധിഷണ, പാരമ്പര്യത്തിന്റെ പ്രശ്നങ്ങൾ, ജനാധിപത്യം, ദേശരാഷ്ട്രം, ദേശീയ സ്വത്വം തുടങ്ങിയ നിരവധി വിഷയങ്ങളിൽ അദ്ദേഹം സ്വന്തമായ കാഴ്ചപ്പാടുകൾ മുന്നോട്ടുവെച്ചു. അറബി ധിഷണ ഒരേസമയം ഇസ്‌ലാമിക പാരമ്പര്യത്തിന്റെയും പാശ്ചാത്യ ആശയങ്ങളുടെയും പിടിയിൽ പെട്ടിരിക്കുകയാണെന്നും രണ്ട് സ്വാധീനങ്ങളിൽനിന്നും രക്ഷപ്പെട്ടാലേ അറബി ധിഷണ സ്വതന്ത്രമാവൂ എന്നും അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതി ഈ വിഷയത്തിലാണ്. 'അറബി ധിഷണ വിമർശിക്കപ്പെടുന്നു' (നഖ്ദുൽ അഖ്‌ലിൽ അറബി) എന്നാണ് ആ കൃതിയുടെ പേര്. ഇതിന് മൂന്ന് ഭാഗങ്ങളുണ്ട്. അറബി ധിഷണയെ സ്വതന്ത്രമാക്കാനെന്ന പേരിൽ എഴുതപ്പെട്ട ഈ കൃതിയിൽ ഇബ്നു റുശ്ദ്, ഗ്രാംഷി പോലുള്ള പൗരസ്ത്യ–പാശ്ചാത്യ ചിന്തകരുടെ സ്വാധീനം പ്രകടമാണെന്നും സ്വന്തമായ ഒരു വീക്ഷണം ഗ്രന്ഥകർത്താവ് മുന്നോട്ടുവെക്കുന്നില്ലെന്നും വിമർശനമുയർന്നിട്ടുണ്ട്.

പാശ്ചാത്യ സെക്യുലർ ആശയങ്ങളാണ് അദ്ദേഹത്തിന്റെ കൃതികളുടെ അടിസ്ഥാന ഭാവം. ഇത് വെച്ച് ഖുർആനെയും അദ്ദേഹം വായിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഖുർആൻ സൂക്തങ്ങൾക്ക് അവയുടെ അവതരണ പശ്ചാത്തലം മുമ്പിൽ വെച്ച് അദ്ദേഹം ഒരു വ്യാഖ്യാനമെഴുതുകയുണ്ടായി. ഖുർആന്റെ ആദ്യത്തെ 'സെക്യുലർ വ്യാഖ്യാനം' എന്ന വിശേഷണവും അതിന് ലഭിച്ചു. നിരവധി അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ■